സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വനം മാഫിയയെ നിയമത്തിനു മുമ്പിൽ കൊണ്ടു വരുന്നതിന് നടപടി

114 (4466) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വനം മാഫിയയെ ശക്തമായി നേരിടുന്നതിനും അവരെ നിയമത്തിനുമുമ്പിൽ കൊണ്ടുവരുന്നതിനുമായി എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

വനം മാഫിയയെ നേരിടാനും വനമേഖലയുടെ സംരക്ഷണത്തിനുമായി വാർത്താവിനിമയ ആയുധ-വാഹന സൗകര്യമുള്ള ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. വനകുറ്റകൃത്യങ്ങളെ സംബന്ധിച്ച അന്വേഷണം ഫലപ്രദമാക്കാൻ വിജിലൻസ് വിഭാഗത്തിൻ കീഴിൽ ഒരു ഇന്റലിജൻസ് സെൽ രൂപീകരിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. വനത്തിനുള്ളിലെ കഞ്ചാവ് കൃഷിയും ചാരായവാറ്റും നിർമ്മാർജ്ജനം ചെയ്യാൻ വനംവകുപ്പ് നേരിട്ടും പോലീസ്-എക്സൈസ് ഉദ്യോഗസ്ഥരുമായി ചേർന്നും റെയിഡുകളും, അന്വേഷണങ്ങളും നടത്തുന്നുണ്ട്. വനം കയ്യേറ്റ ശ്രമങ്ങൾ യഥാസമയം കണ്ടെത്തി അവ തടയുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. ചന്ദനമോഷണം ഫലപ്രദമായി തടയാൻ മറയൂരിൽ ഡോഗ് സ്ക്വാഡ് സജ്ജമാക്കുന്നതിനുള്ള നടപടികളും നടന്ന് വരുന്നു. കൂടാതെ, വനസംരക്ഷണ ജീവനക്കാർക്ക് പുറമെ പൊതുജനങ്ങളുടേയും, ആദിവാസികളുടെയും പങ്കാളിത്തത്തോടുകൂടി റെയിഡുകളും പട്രോളിംഗും നടത്തുന്നുണ്ട്. കുറ്റവാളികൾക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നുണ്ട്. മൃഗവേട്ട തടയാൻ ആന്റിപോച്ചിംഗ് ക്യാമ്പുകൾ സ്ഥാപിക്കുകയും അയൽ സംസ്ഥാനങ്ങളുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുകയും ചെയ്യുന്നുണ്ട്.

സഞ്ജീവനി വനം പദ്ധതി

115 (4467) ശ്രീ. വർക്കല കഹാർ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിന്റെ കീഴിൽ നടപ്പാക്കുന്ന സഞ്ജീവനി വനം പദ്ധതിയിൻകീഴിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly